## കോഴിക്കോട് മെഡിക്കൽ കോളേജിനെ ''സെന്റർ ഓഫ് എക്സലൻസ്'' ആയി ഉയർത്തുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിനെ ''പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജന'' പദ്ധതിയിൽ ഉൾപ്പെടുത്തി ''സെന്റർ ഓഫ് എക്സലൻസ്'' ആയി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നു കേന്ദ്ര ആരോഗ്യമന്ത്രി കേന്ദ്ര റെയിൽവേ സഹമന്ത്രി ശ്രീ ഇ.അഹമ്മദിനെ അറിയിച്ചു.

കേരളത്തിലെ വടക്കൻ ജില്ലകളായ കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോഡ് എന്നിവയും തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ കുറേ ഭാഗങ്ങളിലെ ജനങ്ങൾക്കും കോഴിക്കോട് മെഡിക്കൽ കോളേജ് ''റഫറൽ'' സെന്ററാണു.

കോഴിക്കോട് മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തണമെന്നു കേന്ദ്ര റെയിൽവേ സഹമന്ത്രി ശ്രീ. ഈ. അഹമ്മദ് കേന്ദ്ര ആരോഗ്യമന്ത്രി ശ്രീ. ഗുലാം നബി ആസാദിനോട് ആവശ്യപ്പെട്ടതനുസരിച്ചാണു ഈ നടപടി.

പ്ലാനിംഗ് കമ്മിഷൻ ഈ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും മന്ത്രി ഗുലാം നബി ആസാദ് അറിയിച്ചിട്ടുണ്ട്.